## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4855 — 04.07.2012 ലെ മറുപടിയ്ക്ക്

# ഭൂകമ്പ സാധ്യതാ മേഖലകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ :** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഏതെല്ലാം സ്ഥലങ്ങളിൽ എത്ര ഭൂമി കുലുക്കങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദമാക്കാമോ ;<br>(ബി) ഓരോ ഭൂമികുലുക്കങ്ങളും റിക്ടർ സ്കെയിലിൽ എത്രയാണ് രേഖപ്പെടുത്തിയതെന്ന് വെളിപ്പെടുത്താമോ ; | (എ)-യും (ബി)-യും.<br>സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ 177 ഭൂചലനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥലവും, റിക്ടർ സ്കെയിലും അനുബന്ധം - 1 ൽ പട്ടിക-1 ആയി ചേർത്തിട്ടുണ്ട്. |
| (സി) ഇടുക്കി ജില്ലയിൽ മാത്രം എത്ര ഭൂകമ്പങ്ങൾ നടന്നെന്നും ഇതിൽ ഓരോന്നും റിക്ടർ സ്കെയിലിൽ രേഖപ്പെടുത്തിയതെത്രയെന്നും വെളിപ്പെടുത്താമോ ; | (സി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഇടുക്കി ജില്ലയിൽ മാത്രം 40 ഭൂചലനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം - 2 ൽ പട്ടിക-2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) സംസ്ഥാനത്ത് ഭൂകമ്പ സാധ്യതാ മേഖലകൾ ഏതൊക്കെയാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; | (ഡി) ഭൂകമ്പ സാധ്യതാ മേഖലകൾ പ്രഖ്യാപിക്കുന്നത് Bureau of Indian Standards ആണ്. ഇത് പ്രകാരം സംസ്ഥാനം മൊത്തത്തിൽ മൂന്നാം മേഖലയിലാണ് പെടുന്നത്. |
| (ഇ) സംസ്ഥാനത്ത് തുടരെയുണ്ടാകുന്ന ഭൂചലനങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ ; | (ഇ) ഇടത്തരവും വലുതുമായി ഉള്ള ഭൂചലനങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ചെറു ചലനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും അവയെ ഭൂപടത്തിൽ അടയാളപ്പെടുത്തി മറ്റ് ഭൗമ പ്രത്യേകതകളുമായി ബന്ധമുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യാറുണ്ട്. |

(എഫ്) ഭൂചലനങ്ങളെ മുൻകൂട്ടി അറിയാനും, ജീവൻരക്ഷാ പ്രവർത്തനങ്ങൾ നടത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

(എഫ്) & (ജി)

ഭൂകമ്പങ്ങൾ എന്ന് നടക്കുമെന്നും, എത്ര തീവ്രതയിൽ നടക്കുമെന്നും മുൻകൂട്ടി അറിയാൻ സംവിധാനങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ ഭൂചലന സാധ്യതയുള്ള പ്രദേശങ്ങൾ ഭൗമ പ്രത്യേകതയുടെ അടിസ്ഥാനത്തിൽ, ഒരു പരിധി വരെ മുൻകൂട്ടി അറിയാൻ സാധിക്കും. ഇങ്ങനെ സാധ്യതയുള്ള പ്രദേശങ്ങൾ ജില്ലാതല പ്രകൃതി ദുരന്ത സാധ്യതാ ഭൂപടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജീവൻ രക്ഷാ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു. നഗര പ്രദേശങ്ങളിലും ഇടുക്കി ജില്ലയിൽ മുഴുവനായും ദുരന്ത സാധ്യതാ അപഗ്രഥനവും നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**